ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 16.01.2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. സിംഗപ്പൂർ പ്രസിഡൻറ് തർമൻ ഷൺമുഖരത്നത്തിന് രാഷ്ട്രപതി ഭവനിൽ ഊഷ്മള വരവേൽപ്; പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് സിംഗപ്പൂർ പ്രസിഡൻറുമായി കൂടിക്കാഴ്ച നടത്തും.

President Droupadi Murmu accorded a ceremonial welcome to President of Singapore Tharman Shanmugaratnam at Rashtrapati Bhavan today. Prime Minister Narendra Modi to meet Singapore President Tharman Shanmugaratnam in New Delhi today.

2. നിർണായക ഘട്ടം പൂർത്തിയാക്കി ഐഎസ്ആർഒയുടെ സ്പേഡെക്സ് ദൗത്യം. ഡോക്കിങ്ങ് പ്രക്രിയ വിജയകരം.

ISRO successfully completes spacecraft docking under SpaceX mission

3. കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ നാളെ തുടക്കം.

Budget session of Kerala Legislative assembly will begin tomorrow.

4. സുപ്രീം കോടതി ജഡ്ജിയായി ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ സത്യപ്രതിജ്ഞ ചെയ്തു.

Justice K Vinod Chadran sworn in as Supreme Court judge.

5. ഗാസയിലെ താത്കാലിക വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് ഇന്ത്യ.

India has welcomed the announcement of the agreement for the release of hostages and a ceasefire in Gaza.

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി മുംബൈ സിറ്റിയെ നേരിടും.

In ISL Punjab FC will take on Mumbai City today.

&&&&&&&&&&&&&&&&

HEADLINE – 1

SINGAPORE PREZ – VISIT (INTRO)

ഇന്ത്യാ സന്ദർശനം തുടരുന്ന സിംഗപ്പൂർ പ്രസിഡൻറ് തർമൻ ഷൺമുഖരത്നത്തിന് രാഷ്ട്രപതി ഭവനിൽ ഇന്ന് ഊഷ്മള വരവേൽപ് നൽകി. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യത്തിലായിരുന്നു സ്വീകരണം. സിംഗപ്പൂർ പ്രസിഡൻറുമായി പ്രധാനമന്ത്രി ഇന്ന് ഔദ്യോഗിക കൂടിക്കാഴ്ച നടത്തും. ഡിജിറ്റൽ മേഖല, സുസ്ഥിര വികസനം എന്നിവയിൽ പുതിയ സഹകരണ സാധ്യതകൾ ഇരുരാജ്യങ്ങളും പരിശോധിച്ച് വരികയാണെന്ന് തർമൻ ഷൺമുഖരത്നം പറഞ്ഞു. ഗുജറാത്ത് ഗിഫ്റ്റ് സിറ്റിയുമായി സഹകരിച്ചുള്ള ഡാറ്റാ ഇടനാഴി, ഇന്ത്യ-സിംഗപ്പൂർ പുനരുപയോഗ ഊർജ്ജ ഇടനാഴി എന്നിവ സംബന്ധിച്ച് ചർച്ച നടത്തുമെന്നും അദ്ദേഹം അറിയിച്ചു. സെമികണ്ടക്ടർ, പുതുതലമുറ വ്യവസായ പാർക്കുകൾ, വ്യാപാരം, പ്രതിരോധം തുടങ്ങിയ മേഖലകളിലെ നയതന്ത്ര പങ്കാളിത്തം വർദ്ധിപ്പിക്കുമെന്നും സിംഗപ്പൂർ പ്രസിഡൻറ് വ്യക്തമാക്കി.

(ഹോൾഡ്)

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ തർമൻ ഷൺമുഖരത്നം വിദേശകാര്യമന്ത്രി എസ്. ജയശങ്കറുമായും ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. അദ്ദേഹം നാളെ ഒഡീഷ സന്ദർശിക്കും.

&&&&&&&&&&&&&&&&

PM-STARTUP INDIA

രാജ്യത്ത് സ്റ്റാർട്ടപ്പ് സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ എല്ലാ ശ്രമങ്ങളും നടത്തി വരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്റ്റാർട്ടപ്പ് ഇന്ത്യാ സംരംഭത്തിൻറെ 9-ാം വാർഷികത്തോടനുബന്ധിച്ച് സമൂഹ മാധ്യമത്തിലൂടെ ആശംസാ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും, അവരുടെ നൂതന ആശയങ്ങളെ വിജയകരമായ

സ്റ്റാർട്ടപ്പുകളാക്കി മാറ്റുന്നതിനും സംരംഭത്തിലൂടെ സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു . സ്റ്റാർട്ടപ്പ് ഇന്ത്യാ പരിപാടിയുടെ വിജയം രാജ്യത്തിന്റെ ചലനാത്മകവും ആത്മവിശ്വാസമുള്ളതുമായ ഭാവിക്ക് സഹായകമാണെന്നും ശ്രീ മോദി വ്യക്തമാക്കി. രാജ്യത്ത് ഊർജ്ജസ്വലമായ സംരംഭകത്വ അന്തരീക്ഷം രൂപപ്പെടുത്താനാണ് കേന്ദ്രസർക്കാർ സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി ആവിഷ്കരിച്ചത്. സ്റ്റാർട്ടപ്പ് രംഗത്ത് ലോകത്ത് മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്.

&&&&&&&&&&&&&&&

HEADLINE – 2

ISRO-SPADEX

സ്പേഡെക്സ് ദൗത്യത്തിലെ നിർണായക ഘട്ടമായ ഡോക്കിങ്ങ് പ്രക്രിയ വിജയകരമായി പൂർത്തിയാക്കി ഐഎസ്ആർഒ. രണ്ട് ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ വച്ച് കൂട്ടിയോജിപ്പിക്കുന്ന ഘട്ടമാണിത്. ഇതോടെ സ്പെയ്സ് ഡോക്കിംഗ് വിജയകരമായി പൂർത്തിയാക്കിയ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. തിളക്കമാർന്ന ഈ നേട്ടത്തിൽ ഐഎസ്ആർഒ ശാസ്ത്രജ്ഞരെയും, ബഹിരാകാശ സമൂഹത്തെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. രാജ്യത്തിന്റെ ഭാവി ബഹിരാകാശ ദൗത്യങ്ങൾക്ക് ഈ നേട്ടം സുപ്രധാന ചവിട്ടു പടിയാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. അവിശ്വസനീയ നേട്ടമാണ് ഐഎസ്ആർഒ കൈവരിച്ചതെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ജിതേന്ദ്ര സിംഗ് വിശേഷിപ്പിച്ചു. ഭാരതീയ അന്തരീക്ഷ നിലയം , ചന്ദ്രയാൻ 4, ഗഗൻയാൻ ഉൾപ്പെടെ ഇന്ത്യയുടെ ഭാവി ദൗത്യങ്ങൾക്ക് ഇത് ഇത് മുതൽക്കൂട്ടാവുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു .

&&&&&&&&&&&&&&&&

SHAH – IMMIGRATION

അന്താരാഷ്ട്ര യാത്രക്കാർക്ക് സുഗമവും സുരക്ഷിതവുമായ ലോകോത്തര ഇമിഗ്രേഷൻ സൗകര്യം ഉറപ്പാക്കുന്ന പരിപാടിക്ക് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് തുടക്കമിടും. മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂർ, ഹൈദരാബാദ്, കൊച്ചി, അഹമ്മദാബാദ് വിമാനത്താവളങ്ങളിലാണ് അതിവേഗ ഇമിഗ്രേഷൻ- വിശ്വസ്ത സഞ്ചാരി സംവിധാനം കേന്ദ്ര മന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യുക. രാജ്യത്തെ 21 വിമാനത്താവളങ്ങളിൽ ഈ സൗകര്യം നടപ്പാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&

HEADLINE – 4

SC-K VINOD CHANDRAN AS JUDGE

സുപ്രീം കോടതി ജഡ്ജിയായി ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യവാചകം ചൊല്ലിക്കൊടുത്തു. എറണാകുളം പറവൂർ സ്വദേശിയായ ജസ്റ്റിസ് വിനോദ് ചന്ദ്രൻ കേരളാ ഹൈക്കോടതി ജഡ്ജിയായും, പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തിരുവനന്തപുരം ലോ അക്കാദമി ലോ കോളേജിൽ നിന്ന് നിയമ ബിരുദം നേടിയ അദ്ദേഹം 1991-ലാണ് അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചത്. 2007 മുതൽ 2011 വരെ കേരള സർക്കാരിന്റെ സ്പെഷ്യൽ പ്ലീഡറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സുപ്രീം കോടതി കൊളീജിയം നൽകിയ ശുപാർശ പ്രകാരം അദ്ദേഹത്തെ സുപ്രീം കോടതി ജഡ്ജിയായി നിയമിക്കാൻ തിങ്കളാഴ്ചയാണ് കേന്ദ്രം അനുമതി നൽകിയത് .

&&&&&&&&&&&&&&&&

VICE PRESIDENT KARNATAKA VISIT

ഒരു ദിവസത്തെ സന്ദർശനത്തിനായി കർണാടകയിലെത്തിയ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറെ ഗവർണർ തവർചന്ദ്

ഗെലോട്ട്, കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി തുടങ്ങിയ പ്രമുഖർ ചേർന്ന് സ്വീകരിച്ചു. ധാർവാഡിലെ കാർഷിക കോളേജിൽ നടക്കുന്ന അമൃത് മഹോത്സവത്തിലും പൂർവവിദ്യാർത്ഥി സംഗമത്തിലും ശ്രീ ധൻകർ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും.

&&&&&&&&&&&&&&&

HEADLINE – 3

KERALA NIYAMASABHA

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ നാളെ തുടക്കം. ഫെബ്രുവരി 7 നാണ് സംസ്ഥാന ബജറ്റ്. മാർച്ച് 28 വരെയുള്ള കാലയളവിൽ 27 ദിവസമായിരിക്കും സഭ ചേരുക. നയപ്രഖ്യാപനത്തിൻ മേലുള്ള നന്ദിപ്രമേയ ചർച്ചകൾ ജനുവരി 20 മുതൽ 22 വരെയും, സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ച ഫെബ്രുവരി 10 മുതൽ 12 വരെയും നടക്കും.

&&&&&&&&&&&&&&&

P RAJEEV (INTRO)

ഐ.ടി മേഖലയിലെ പങ്കാളിത്തത്തിൽ സംസ്ഥാനം വൻ മുന്നേറ്റം കൈവരിച്ചതായി മന്ത്രി പി രാജീവ്. കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഐടി കമ്പനികളുടെ മേധാവികളുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനതപുരത്ത് നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിന് മുന്നോടിയായാണ് പരിപാടി സംഘടിപ്പിച്ചത്.

(ഹോൾഡ്)

&&&&&&&&&&&&&&&

KEERTHIVARDHAN SINGH – KOCHI

കൊച്ചി ഡയലോഗ് 2025 - ൻ്റെ ആദ്യ പതിപ്പ് കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഇന്ന് ഉദ്ഘാടനം ചെയ്യും. വിദേശകാര്യ മന്ത്രാലയത്തിൻറെയും

കൊച്ചിയിലെ സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ചിൻറെയും സംയുക്താഭി മുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്ത്യയും ജിസിസി രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംബന്ധിച്ച ചർച്ചകൾ ഇതിൽ നടക്കും.

&&&&&&&&&&&&&&&

GOPAN SWAMY

നെയ്യാറ്റിൻകര സമാധി വിവാദത്തിൽ കല്ലറ തുറന്ന് മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് മാറ്റി. ഗോപൻ സ്വാമി എന്നറിയപ്പെടുന്ന ആറാലുംമൂട് സ്വദേശിയുടെ കല്ലറ കനത്ത പോലീസ് സുരക്ഷയിൽ ഇന്ന് രാവിലെ തുറന്ന് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കുകയായിരുന്നു. കുടുംബത്തിൻറെ ഭാഗത്ത് നിന്നും എതിർപ്പുണ്ടായില്ല. കല്ലറ പൊളിക്കുന്ന നടപടി തടയണമെന്ന കുടുംബത്തിൻറെ ആവശ്യം ഹൈക്കോടതി ഇന്നലെ തള്ളിയിരുന്നു.

&&&&&&&&&&&&&&&

REV. SAIF ALI KHAN-ATTACK

മുംബൈയിലെ വീട്ടിൽ അതിക്രമിച്ചു കയറിയ മോഷ്ടാവിൻറെ ആക്രമണത്തിൽ ബോളിവുഡ് താരം സെയ്ഫ് അലി ഖാന് പരിക്ക്. ആറ് കുത്തുകളേറ്റ അദ്ദേഹത്തെ ഇന്ന് പുലർച്ചെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടികൾ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങൾ വീട്ടിലുള്ളപ്പോളാണ് മോഷ്ടാവ് കടന്നു കയറിയത്. ശസ്ത്രക്രിയയ്ക്ക് ശേഷം ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയിക്കാമെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി. പരിക്കുകളിൽ ഒന്ന് നട്ടെല്ലിന് സമീപമാണേറ്റത്. സംഭവത്തിൽ മൂന്ന് പേരെ മുംബൈ പോലീസ് കസ്റ്റഡിയിലെടുത്തു.

&&&&&&&&&&&&&&&

HEADLINE – 5

MEA-GAZA

ഗാസയിലെ താത്കാലിക വെടിനിർത്തൽ കരാറിനെയും ബന്ദികളെ മോചിപ്പിക്കാനുള്ള ധാരണയെയും സ്വാഗതം ചെയ്ത് ഇന്ത്യ. ഗാസയിലെ ജനങ്ങൾക്ക് സുരക്ഷിതവും സുസ്ഥിരവുമായ മാനുഷിക സഹായം ലഭ്യമാക്കുന്നതിന് കരാർ വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. 42 ദിവസം നീണ്ടുനിൽക്കുന്ന വെടിനിർത്തൽ കരാർ ഞായറാഴ്ച മുതൽ പ്രാബല്യത്തിൽ വരും. ഖത്തർ പ്രധാനമന്ത്രിയാണ് കരാർ സംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് കരാറിനെ സ്വാഗതം ചെയ്തു. മേഖലയിൽ സമാധാനത്തിലേക്ക് നയിക്കുന്നതിൽ നിർണായകമായ ചുവടുവയ്പാണിതെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. കരാർ ഐതിഹാസികമെന്നാണ് നിയുക്ത യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതികരിച്ചു.

&&&&&&&&&&&&&&&&

HEADLINE – 6

ISL FOOTBALL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30-ന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 19-ന്. ഈ വർഷത്തെ ആദ്യ മൻ കി ബാത് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും

mygov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ നാളെ വരെ പങ്കുവയ്ക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&